**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3776** **09-10-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ പരീക്ഷസംബന്ധിയായ രജിസ്റ്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ വിദ്യാർത്ഥികളുടെ പരീക്ഷ സംബന്ധിയായ വിവരങ്ങൾ പ്രത്യേക രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കാറുണ്ടായിരുന്നോയെന്ന് വിശദമാക്കാമോ; ഏതുവർഷം മുതലുള്ള വിശദാംശങ്ങളാണ് നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാകുന്നത്; | (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സർവകലാശാലകൾ വിദ്യാർത്ഥികളുടെ പരീക്ഷ സംബന്ധിയായ വിവരങ്ങൾ പ്രത്യേക രജിസ്റ്ററുകളിൽ /ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കാറുണ്ട്.<br><br>കേരള സർവ്വകലാശാലയിൽ 2002 തുടങ്ങി വിവിധ വർഷങ്ങൾ മുതലും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2015 മുതലും കാലിക്കറ്റ് സർവ്വകലാശാലയിൽ 2001 തുടങ്ങി വിവിധ വർഷങ്ങൾ മുതലും കണ്ണൂർ സർവ്വകലാശാലയിൽ 2009 മുതലും കുസാറ്റിൽ 2006 മുതലും, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ 2013 തുടങ്ങി വിവിധ വർഷങ്ങൾ മുതലും ന്യുവാൽസിൽ 2022 മുതലും, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ 2024 മുതലും, പരീക്ഷ സംബന്ധിയായ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നുണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിലും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലും തുടക്കം മുതലുള്ള പരീക്ഷാ സംബന്ധിയായ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുന്നുണ്ട്. |
| (ബി) | ടാബുലേഷൻ രജിസ്റ്ററുകൾ ഉൾപ്പെടെയുള്ള പ്രസ്തുത രജിസ്റ്ററുകൾ എപ്പോഴെങ്കിലും നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2010 ജനുവരി മുതൽ നാളിതുവരെ വിവിധ സർവകലാശാലകളിൽ നിന്നും നഷ്ടപ്പെട്ടതോ സ്റ്റോക്കിൽ കാണാതായതോ ആയ ടാബുലേഷൻ രജിസ്റ്ററുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരള സർവകലാശാലയിൽ 1994 -ലെ MA Russian ടാബുലേഷൻ ഷീറ്റും 2007-ലെ Mcom ടാബുലേഷൻ ഷീറ്റും നഷ്ടപ്പെട്ടതായി സർവകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാലയിൽ 1987-ലെയും 2011-ലെയും ഓരോ ടാബുലേഷൻ രജിസ്റ്റർ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നത് സർവകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നഷ്ടപ്പെട്ടവയും സ്റ്റോക്കിൽ നിന്നും കാണാതായതുമായ ഇത്തരം ടാബുലേഷൻ | (സി) | നഷ്ടപ്പെട്ട ടാബുലേഷൻ രജിസ്റ്ററുകൾ തിരികെ കിട്ടുന്നതിന് സർവകലാശാലാ തലത്തിൽ |

| | | | |
|---|---|---|---|
| | രജിസ്റ്ററുകളുടെ വീണ്ടെടുപ്പിന് സർവകലാശാലകൾ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | നടപടികൾ പുരോഗമിക്കുന്നു. പഴയ രജിസ്റ്ററുകൾ സ്കാൻ ചെയ്ത് ഡിജിറ്റലൈസ്ഡ് TR ആക്കാനും TR ലൈബ്രറി രൂപീകരിക്കാനുമുള്ള നടപടി കാലിക്കറ്റ് സർവകലാശാല പരിഗണിക്കുന്നുണ്ട്. |
| (ഡി) | വിദ്യാർത്ഥികൾ വിവിധ സർട്ടിഫിക്കറ്റുകൾ, ജന്യുവിനസ് വേരിഫിക്കേഷൻ എന്നിവയ്ക്കു അപേക്ഷ സമർപ്പിക്കുമ്പോൾ അവരുടെ പരീക്ഷാ വിവരങ്ങൾ ഉൾക്കൊള്ളുന്ന ടാബുലേഷൻ രജിസ്റ്ററുകളില്ലെങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റ്/വിവരം എപ്രകാരമാണ് സർവകലാശാലകൾ അനുവദിക്കുന്നതെന്നും അതിനു സ്വീകരിക്കുന്ന നടപടിക്രമങ്ങളും വിശദമാക്കാമോ; | (ഡി) | ബന്ധപ്പെട്ട സർവകലാശാലകളെ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു :<br><br>**<u>കേരള സർവ്വകലാശാല</u>**<br><br>മാർക്ക്ലിസ്റ്റുകൾ/ ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്സ് ഒഴികെയുള്ള സർട്ടിഫിക്കറ്റുകൾ, ടാബുലേഷൻ ഷീറ്റില്ലാത്ത പക്ഷം രജിസ്റ്ററുകളിലെ വിവരങ്ങൾ അടിസ്ഥാനമാക്കി നൽകാവുന്നതാണ്. രജിസ്റ്ററുകൾ ലഭ്യമല്ലാത്ത അവസരങ്ങളിൽ ഉന്നത അധികാരികളുടെ നിർദ്ദേശപ്രകാരം ഫയലുകൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കു സമർപ്പിക്കുന്നു.<br><br>**<u>കാലിക്കറ്റ് സർവ്വകലാശാല</u>**<br><br>നഷ്ടപ്പെടുകയോ/കാണാതാവുകയോ ചെയ്തിരിക്കുന്ന ടാബുലേഷൻ രജിസ്റ്ററിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ വിവിധ സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ സമർപ്പിക്കുന്ന മാർക്ക് ലിസ്റ്റുകൾ വ്യാജമല്ലെന്ന് പരിശോധിച്ചുറപ്പുവരുത്താൻ ടി വിദ്യാർത്ഥികളുടെ എല്ലാ മാർക്ക്ലിസ്റ്റുകളും ഡിഗ്രി സർട്ടിഫിക്കറ്റുകളും ഹാജരാക്കുവാൻ നിർദേശം നൽകുകയും, സമർപ്പിച്ച എല്ലാ രേഖകളിലെയും ഫോളിയോ നമ്പർ തീയതി, ഒപ്പ്, ഉപയോഗിച്ചിരിക്കുന്ന ഫോണ്ട്, സീൽ, സർവകലാശാലയുടെ മുദ്ര തുടങ്ങിയവ വിവിധ തലങ്ങളിലായി പരിശോധിച്ച്, വ്യാജമല്ലെന്ന് ഉറപ്പുവരുത്തിയതിനു ശേഷം ആയത് ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി ബോഡികളിൽ സമർപ്പിച്ച് ഉത്തരവാകുന്നതിന്റെ അടിസ്ഥാനത്തിൽ മാർക്ക് ലിസ്റ്റുകളുടെ ജന്യുവിനസ് വെരിഫൈ ചെയ്തു നൽകുന്നു. |
| (ഇ) | തങ്ങളുടെ പരീക്ഷ സംബന്ധിയായ വിവരങ്ങൾ ഇത്തരം ടാബുലേഷൻ രജിസ്റ്ററുകളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ വിവിധ സേവനങ്ങൾക്ക് സമർപ്പിക്കുന്ന മാർക്ക് ലിസ്റ്റുകൾ വ്യാജമല്ലെന്ന് പരിശോധിച്ചുറപ്പുവരുത്താൻ സർവകലാശാലകൾ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ഇ) | (ഡി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ